പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1305

03.10.2016-ൽ മറുപടിയ്ക്ക്.

## വാഹനപരിശോധനക്കിടെ യാത്രക്കാർക്ക് സംഭവിക്കുന്ന അപകടങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റശേഷം വാഹന പരിശോധനക്കിടെ യാത്രക്കാർക്ക് അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്ത എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; | (എ) | ഒരു സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ അപകടങ്ങൾക്ക് ഇടയാക്കുന്ന തരത്തിൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (ബി) | ഉണ്ട്. ഉത്തരവാദിയായ പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യുകയും വകുപ്പ് തല നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ 2548/16 നമ്പരിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | വാഹന പരിശോധന നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളും മര്യാദകളും പാലിക്കുന്നതിന് സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പരിശോധകർ പലപ്പോഴും ലംഘിക്കുന്നതാണ് അപകടങ്ങൾ വർദ്ധിപ്പിക്കുന്നതെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ ; | (സി) | ഇത്തരം സംഭവങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വാഹന പരിശോധന നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളും മര്യാദകളും സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വാഹന പരിശോധനയിൽ |

| | | | |
|---|---|---|---|
| | | | പോലീസുമായി സഹകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, പോലീസ് പരിശോധന കണ്ട് റോഡിൽ വെട്ടിത്തിരിഞ്ഞ് പോകുന്നതിലൂടെ ഉണ്ടാകുന്ന അപകടം സംബന്ധിച്ചും വിവിധ മൊബൈൽ ആപ്ലിക്കേഷനുകൾ വഴിയും, നേരിട്ടും പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകി വരുന്നുണ്ട്. |
| (ഡി) | **എങ്കിൽ ഇത്തരത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?** | (ഡി) | കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നിലവിലെ നിയമ വ്യവസ്ഥകൾക്കനുസരിച്ച് കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ